10505
18/8/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വകുപ്പിനു കീഴിലുള്ള പ്രോഗ്രാം ഓഫീസുകളിലും ശിശുവികസന പദ്ധതി ഓഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.483/2015/സാനീവ തിരുവനന്തപുരം, തീയതി, 01.08.2015

==========================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.06.2015 ലെ IT- 25237/15 നം. കത്ത്

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീലസുകളിലും പ്രോഗ്രാം ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനായും ഭരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും 1,49,95,750/- രൂപ (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റഞ്ചായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) ചെലവഴിച്ച് വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 1,49,95,750/- രൂപ (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റഞ്ചായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) 2235-02-001-96(Plan)ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ